43848 കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ - ഗാർഡിയൻഷിപ്പ് (രക്ഷാകർത്തൃത്വം) രേഖപ്പെടുത്തുന്നതു സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

P.BACY

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (സാധാ) നം. 3160/2010/തസ്വഭവ. തിരുവനന്തപുരം, തീയതി 30/09/2010.

---

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 26/07/2010-ലെ ബി1/21717/10 നമ്പർ കത്ത്.

## ഉത്തരവ്

ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷനു നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പരാമർശം ഒന്നിലെയും മൂന്നിലെയും സർക്കാർ ഉത്തരവുകൾ പ്രകാരവും പരാമർശം രണ്ടിലെ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ അംഗീകൃത ദത്തെടുക്കൽ ഏജൻസിയിൽ നിന്നും കോടതി മുഖാന്തിരം ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം സംബന്ധിച്ച കോടതി ഉത്തരവിൽ 'രക്ഷാകർത്താവ്'ആയി മാത്രം അംഗീകരിച്ചിട്ടുള്ള സാഹചര്യങ്ങളിൽ 'ഗാർഡിയൻഷിപ്പ്' വച്ച് ജനന രജിസ്ട്രേഷൻ നൽകുവാൻ സർക്കാർ തലത്തിൽ ഉത്തരവ് ആവശ്യമാണെന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും. ഈ വിഷയം സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് മേൽ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, കോടതി മുഖാന്തിരം 'ഗാർഡിയൻഷിപ്പ്' (രക്ഷാകർത്തൃത്വം) ലഭിച്ച് ഏറ്റെടുക്കുന്ന കുട്ടികൾക്കും ബാധകമാണ് എന്നും ജനന രജിസ്ട്രേഷനിൽ 'ഗാർഡിയൻഷിപ്പ്' എന്ന വിവരം കാണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകാവുന്നതാണ് എന്നും എല്ലാ രജിസ്ട്രാർമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**വി.വി.മുഹമ്മദ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
സെക്രട്ടറി, കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**